**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3145    23/03/2015-ൽ മറുപടിയ്ക്ക്

**മട്ടുപ്പാവ് കൃഷി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മട്ടുപ്പാവ് കൃഷിക്കായി മാത്രം കൃഷി ഓഫീസർമാരുടെ സേവനം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ മട്ടുപ്പാവ് കൃഷിക്ക് മാത്രമായി കൃഷി ഓഫീസർമാരെ ഇതുവരെ നിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി ഭവനിലെ കൃഷി ഓഫീസർമാർ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടപ്പിലാക്കുന്നതിന് ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. മട്ടുപ്പാവ് കൃഷി നടത്തുന്നതിനുള്ള അപേക്ഷകൾ, ഗുണഭോക്തൃ വിഹിതം എന്നിവ സ്വീകരിക്കുകയും അവ യഥാസമയം വിതരണ ഏജൻസികൾക്ക് നല്കുകയും, വിതരണ ഏജൻസികൾ തയ്യാറാക്കി നല്കുന്ന ഗ്രോബാഗുകൾ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികളും കൃഷി സംബന്ധിച്ച നിർദ്ദേശങ്ങളും അവർ നല്കുന്നുണ്ട്. മുൻ വർഷങ്ങളിൽ മട്ടുപ്പാവ് കൃഷിക്കായി നല്കിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ പച്ചക്കറി തൈകൾ, ജൈവ വളങ്ങൾ , ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ നല്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**